

# വിടപറയാൻ മടിക്കുന്ന ബാലാനന്ദ സ്മരണകൾ

കെ വിജയചന്ദ്രൻ

ഇന്ത്യയിലെ ട്രേഡ് യൂനിയൻ മേഖലയ്ക്കും തൊഴിലാളി വർഗ പ്രസ്ഥാനത്തിനും സഖാവ് ബാലാനന്ദൻ (സ്വാമി) നൽകിയ സംഭാവനകൾ ഏറെ വിലപ്പെട്ടതാണ്. ട്രേഡ് യൂനിയനുകളുടെ പ്രവർത്തന ശൈലി സംബന്ധിച്ച് സ്വാമി തന്റെ അടുത്തകാലത്ത് പ്രസിദ്ധീകരിച്ച ആത്മകഥയിൽ വെയ്ക്കുന്ന നിർദേശങ്ങൾ ഏറെ ശ്രദ്ധാർഹമാണ്: ട്രേഡ് യൂണിയൻ സമ്മേളനങ്ങൾ കേവലം സംഘടനാ കാര്യങ്ങൾ മാത്രം ചർച്ച ചെയ്തു പിരിയുന്നതിനോട് എനിക്ക് യോജിപ്പുണ്ടായിരുന്നില്ല. ഓരോ യൂനിയന്റേയും സമ്മേളനത്തോടനുബന്ധിച്ച് ആ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് പ്രത്യേക സാമ്പത്തിക സമ്മേളനങ്ങളും ചേരണമെന്ന് ഞാൻ നിഷ്കർഷിച്ചിരുന്നു. വ്യവസായത്തിന്റെ സാമ്പത്തിക ശാസ്ത്രം പഠിക്കാതെയും ഉൽപ്പന്നങ്ങളെ കുറിച്ചും കമ്പോളത്തെക്കുറിച്ചും മനസിലാക്കാതെയും തൊഴിലാളികളുടെ ശമ്പളത്തിന് വേണ്ടി മാത്രം വാദിക്കുന്നത് വ്യവസായങ്ങളുടെ നിലനിൽപ്പിനും തൊഴിലാളികൾക്ക് തന്നെയും ദോഷകരമായി ത്തീരും എന്നാണ് എന്റെ നിലപാട് (ആത്മകഥ പേജ് 128).

ഇക്കാര്യത്തിൽ റ്റി വി തോമസ് ആയിരുന്നു തന്റെ ഗുരു എന്നും, ഈ മാതൃകയിൽ താൻ കേരളത്തിൽ നടത്തിയ പ്രവർത്തനങ്ങളിൽ മതിപ്പു തോന്നിയിട്ടാണ് ഇ എം എസും ബി റ്റി ആറും തന്നെ പി ബിയിൽ എടുക്കുന്നതിന് മുൻകൈയെടുത്തതെന്നും സ്വാമി തന്റെ ആത്മകഥയിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല, കേരള സി ഐ ടി യുവിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിൽ തന്റെ പിൻഗാമി ആയിവന്ന രവീന്ദ്രനാഥ് ഈ ശൈലി പിന്തുടരുക വഴി സംസ്ഥാനത്തിന്റെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ ബഹുദൂരം മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞുവെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. ട്രേഡ് യൂനിയൻ പ്രസ്ഥാനത്തിന്റെ മാത്രമല്ല കേരളത്തിലെ വിവിധ വർഗ ബഹുജന സംഘടനകളുടെ പ്രവർത്തന ശൈലിയെ ഒന്നാകെ മാറ്റിമറിക്കാൻ സഹായിച്ച ഒരു പ്രവർത്തന ശൈലി ആയിരുന്നു ഇത്. രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകമായി മാത്രം പ്രവർത്തിക്കുക എന്ന ശൈലിയിൽ നിന്നും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ മോചിപ്പിക്കുന്നതിനും ഉദ്യോഗസ്ഥരും, വ്യവസായ പ്രമുഖരുമുൾപ്പെട്ട വിവിധ വിഭാഗം ജനങ്ങളുമായി ഇടപഴകുന്നതിനും, സമൂഹത്തിന്റെ നേതൃ സ്ഥാനത്തേക്ക് തൊഴിലാളി നേതാക്കന്മാരെ വളർത്തി എടുക്കുന്നതിനും ഈ സമീപനം സഹായിച്ചു. കക്ഷി രാഷ്ട്രീയത്തിനതീതമായി, തൊഴിലാളി സംഘടനകളുടെ നേതൃസ്ഥാനത്തേക്ക് കേരളത്തിലെ സി ഐ ടി യുവിനെ വളർത്തി കൊണ്ടുവരാനും ഈ സമീപനം സഹായിച്ചു.

എന്നെ പോലുള്ള നിരവധി എൻജിനീയർമാരെയും ശാസ്ത്ര സാങ്കേതിക വിദഗ്ദരേയും കേരളത്തിലെ മാത്രമല്ല, ഇന്ത്യ ഒട്ടാകെയുള്ള തൊഴിലാളി വർഗ പ്രസ്ഥാനവുമായി അടുപ്പത്തിലാക്കാൻ ഈ സമീപനം വഴി കഴിഞ്ഞു. വൈദ്യുതി ബോർഡ്, ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഷിപ്പ് യാർഡ് എന്നീ സ്ഥാപനങ്ങളെ പറ്റി വിദഗ്ധ പഠനം നടത്താനുള്ള ഉത്തരവാദിത്വവും എന്നെ ഏൽപ്പിച്ചത് സ്വാമിയുടെ നിർദേശപ്രകാരമായിരുന്നു. ട്രേഡ് യൂനിയനുകളുടെ സ്വീകാര്യതയും മാന്യതയും മെച്ചപ്പെടുത്താൻ മാത്രമല്ല വ്യവസായവും ആയുള്ള ബന്ധം സുദൃഢമാക്കാനും, അവരുടെ പങ്കാളിത്തത്തോടെ നടത്തിയ ഈവിധ പഠനങ്ങൾ സഹായിച്ചിട്ടുണ്ട് എന്നത് നിസ്സംശയമാണ്.

സ്വാമിയുമായി ഞാൻ പരിചയപ്പെടുന്നത് അദ്ദേഹം പി ബി മെമ്പർ ആയ ശേഷമാണ്. 1979 ലെ ഓണക്കാലത്ത്

ജയന്തി ജനത ട്രയിനിൽ, ഡൽഹിയിൽ നിന്നും എറണാകുളം വരെ ഒരേ സ്ലീപ്പർ കോച്ചിൽ ഒരുമിച്ച് യാത്ര ചെയ്തു. കുപ്രസിദ്ധമായ ബി എച്ച് ഇ എൽ-സീമെൻ ബാന്ധവത്തിനെതിരെ പി രാമമൂർത്തിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ കാമ്പയിൻ കാരണം പി ബി മെമ്പർ ആയ ബാലാനന്ദന് എന്നെപ്പറ്റി കേട്ടറിവുണ്ടായിരുന്നു എങ്കിലും ഞങ്ങൾ തമ്മിൽ നേരിൽ കാണുന്നതും പരിചയപ്പെടുന്നതും അറുപത് മണിക്കൂർ നേരത്തെ ഈ ട്രയിൻ യാത്രക്കിടയിൽ വെച്ചാണ്. സൈലന്റ് വാലി തർക്കം പാർട്ടിക്കുള്ളിൽ മൂർച്ഛിച്ചുവരുന്ന കാലമായിരുന്നു അത്. കേവല പരിസ്ഥിതി വാദവുമായി രംഗത്തുവന്ന ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നേതാക്കന്മാരുമായി സുദീർഘമായ ഒരു ആശയ സംവാദത്തിന് തയ്യാറെടുത്തുകൊണ്ടാണ് സ്വാമി സൈലന്റ് വാലി പ്രശ്നത്തിൽ ഇടപെടാൻ തുടങ്ങിയത്. സൈലന്റ് വാലി പദ്ധതിക്ക് എതിരെ ആഗോളതലത്തിൽ സംഘടിപ്പിച്ച ബുദ്ധിജീവികളുടെ പ്രചാരണത്തിന് പിന്നിലെ സാമ്രാജ്യത്വ ദാസ്യ സ്വഭാവം തുറന്നു കാട്ടേണ്ടത് ആവശ്യമാണ് എന്ന കാര്യത്തിൽ ഞങ്ങൾക്ക് ഏകാഭിപ്രായമായിരുന്നു. ഞങ്ങൾ ആദ്യമായി ഒരിമിച്ച് നടത്തിയ ദീർഘമായ ആ ട്രെയിൻ യാത്രയുടെ ഒരു ഉൽപ്പന്നം ആയിരുന്നു "സൈലന്റ് വാലി: മിത്തും യാഥാർഥ്യവും" എന്ന പേരിൽ പ്രസിദ്ധീകരിച്ച എന്റെ ആദ്യത്തെ പുസ്തകം. സൈലന്റ് വാലി പ്രശ്നത്തിൽ സ്വാമി എടുത്ത നിലപാടായിരുന്നു നൂറു ശതമാനവും ശരിയെന്ന് പിൽക്കാലത്ത് പാർട്ടിയുടെ പി ബി യും സി സി യും ഏറെക്കാലത്തിന് ശേഷം സമ്മതിക്കുകയും ചെയ്തു.

പിൽക്കാലത്ത് പൊതുമേഖല സംബന്ധിച്ചും, ദേശീയ വൈദ്യുതി വികസന നയം സംബന്ധിച്ചും, റെയിൽ വികസനം സംബന്ധിച്ചും ഒട്ടേറെ പഠനങ്ങൾ നടത്താനും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാനും, സ്വാമിയുടെയും രവീന്ദ്രനാഥിന്റെയും മറ്റും നിർദേശ പ്രകാരം എനിക്ക് കഴിഞ്ഞിട്ടുണ്ട്. സി ഐ ടി യു പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശേഷം



സുർജിത്തും ബാലാനന്ദനും

**സി ഐ ടി യു പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശേഷം സ്വാമി ആദ്യമായി ശ്രമിച്ചത് ട്രേഡ് യൂണിയൻ രംഗത്ത് പാർട്ടിയുടെ കടമകൾ എന്താണെന്ന് വിശദമായി പ്രതിപാതിക്കുന്ന ഒരു പാർട്ടി രേഖ തയ്യാറാക്കാനാണ്. സ്വന്തമായി എഴുതി തയാറാക്കിയ കരട് കഴിയുന്നത്ര സഖാക്കളുമായി, അനൗപചാരികമായും ഔപചാരികമായും ചർച്ച ചെയ്യാനും, അവരുടെ നിർദേശങ്ങളും ഉപദേശങ്ങളും ഉൾക്കൊള്ളാനും സ്വാമി നടത്തിയ ശ്രമങ്ങൾ അത്ഭുതത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയൂ.**

സ്വാമി ആദ്യമായി ശ്രമിച്ചത് ട്രേഡ് യൂണിയൻ രംഗത്ത് പാർട്ടിയുടെ കടമകൾ എന്താണെന്ന് വിശദമായി പ്രതിപാതിക്കുന്ന ഒരു പാർട്ടി രേഖ തയ്യാറാക്കാനാണ്. സ്വന്തമായി എഴുതി തയാറാക്കിയ കരട് കഴിയുന്നത്ര സഖാക്കളുമായി, അനൗപചാരികമായും ഔപചാരികമായും ചർച്ച ചെയ്യാനും, അവരുടെ നിർദേശങ്ങളും ഉപദേശങ്ങളും ഉൾക്കൊള്ളാനും സ്വാമി നടത്തിയ ശ്രമങ്ങൾ അത്ഭുതത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയൂ. നൂറുകണക്കിന് സഖാക്കളുമായി നടത്തിയ സംവാദം വഴി സ്ഫുടം ചെയ്തെടുത്ത ആ രേഖ ഇന്ത്യയുടെ തൊഴിലാളി വർഗ പ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടാണ്. ഏറെക്കാലത്തേയ്ക്ക് പാർട്ടിക്ക് തന്നെയും ഒരു വാഴികാട്ടിയായി ആ രേഖ തുടരും എന്നതിലും സംശയമില്ല.

വിട്ടുവീഴ്ചയില്ലാത്ത ആശയ സമരങ്ങളുടെ നേതാവ് ആയിരുന്നു സഖാവ് ബാലാനന്ദൻ. പാലക്കാട് സമ്മേളനത്തിലെ വിഭാഗീയതയുടെ അഴിഞ്ഞാട്ടത്തിന് പിന്നിൽ, സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും നടന്ന പോലെ പ്രതിവിപ്ലവ ശക്തികളുടെ സംഘടിത പരിശ്രമവും ഗൂഢാലോചനയും ഉണ്ടായിരുന്നു എന്ന സംശയമാണ് അദ്ദേഹത്തെ അത് സംബന്ധിച്ച് ഒരു പരസ്യ പ്രസ്താവന നടത്താൻ നിർബന്ധിച്ചത്. ഈ സംശയം തീർത്തും അസ്ഥാനത്ത് ആയിരുന്നില്ല എന്നാണ് പിൽക്കാല സംഭവ വികാസങ്ങൾ, മാത്രമല്ല ഇപ്പോൾ സി പി ഐ എമ്മിനുള്ളിൽ നടന്നുവരുന്ന ഉൾപ്പാർട്ടി സമരങ്ങളും സൂചിപ്പിക്കുന്നത്. വി എസ് ഉൾപ്പെടെയുള്ള തലമൂത്ത നേതാക്കന്മാർക്കും, എം എൻ വിജയനെ പോലുള്ള ഇടതുപക്ഷ ബുദ്ധിജീവികൾക്കും മാത്രമല്ല, തൊഴിലാളി വർഗ പ്രസ്ഥാനത്തിലെ സാധാരണ പ്രവർത്തകർക്ക് പോലും ഈ സത്യം അതിവേഗം ബോധ്യപ്പെട്ടുവരികയാണ്.

സാധാരണ അച്ചടക്ക നടപടി കൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്നവയല്ല സി പി എമ്മിലെ ഇന്നത്തെ പ്രശ്നങ്ങൾ എന്നും മറിച്ച് ആശയ രംഗത്ത് വിശദമായ ചർച്ചകളും തിരുത്തലുകളും അനിവാര്യമാണെന്നും ഇപ്പോൾ കൂടുതൽ കൂടുതൽ ബോധ്യപ്പെട്ടു വരികയാണ്. തൃശൂരും, ഷൊർണൂരും, ഒഞ്ചിയത്തും, കൊല്ലത്തും, തിരുവനന്തപുരത്തുമെല്ലാമായി വിവിധ മുന്നണികളിലായി, പന്തലിച്ചു കിടക്കുന്ന, പാർട്ടി സംഘടനയെ ഒന്നാകെ നിർജീവമാക്കി കഴിഞ്ഞ, തീർത്താലും തീരാത്ത നൂറ് നൂറ് സംഘടനാ പ്രശ്നങ്ങൾ ഈ അനിവാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിലെ തൊഴിലാളി വർഗ പ്രസ്ഥാനത്തിൽ നടക്കാൻ പോകുന്ന ബൃഹത്തായ ഈ തെറ്റ് തിരുത്തലും പൊളിച്ചെഴുത്തും എല്ലാം, സ്വാമിയുടെ അസാന്നിധ്യം അദ്ദേഹത്തിന്റെ സാന്നിധ്യം പോലെ തന്നെ സജീവമാക്കും എന്നത് നിസ്സംശയമാണ്.